(ബി&സി) പ്ലാനും എസ്റ്റിമേറ്റും ഇപ്പോഴുമായിട്ടു വകുപ്പിൽ നിന്നും തയ്യാറാക്കി ലഭിച്ചിട്ടില്ല.

(ഡി) 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെയുള്ള പരാമർശം

720 [1198] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മനോരോഗാശുപത്രിയിൽ വച്ച് 11-6-1985-ന് ഒരു രോഗി കൊല്ലപ്പെട്ടതു സംബന്ധിച്ചുണ്ടായ കേസ്സിൽ അന്ന് ആശുപത്രി സൂപ്രണ്ടായിരുന്ന ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ കേരള ഹൈക്കോടതി നടത്തിയ പരാമർശങ്ങളെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ മനോരോഗാശുപത്രിയിൽ വച്ച് 11-6-1985-ന് ഒരു രോഗി കൊല്ലപ്പെട്ടത് സംബന്ധിച്ച്, ഹൈക്കോടതി അന്ന് ആശുപത്രി സൂപ്രണ്ടായിരുന്ന ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ യാതൊരു പരാമർശവും നടത്തിയിട്ടില്ല.

(ബി) ഹൈക്കോടതി പരാമർശങ്ങൾ ഒന്നും നടത്തിയില്ലായെങ്കിലും ഗവൺമെന്റ് ഡോക്ടർ ടി. വി. ഫ്രാൻസിസിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, ഗവൺമെന്റ് ഉത്തരവ് (ആർ. ടി.) 3540/86 ആ. കു. വ. പ്രകാരം 30-9-1986-ൽ അദ്ദേഹത്തിന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ തടഞ്ഞുവച്ച് ഉത്തരവാകുകയും ചെയ്തു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോക്ടർ ടി. വി. സുരേന്ദ്രനാഥിനെതിരായ കേസ്

721 [1199] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറായി ഡോക്ടർ ടി. വി. സുരേന്ദ്രനാഥിനെ നിയമിച്ചതിനെതിരെ ആരെങ്കിലും സുപ്രീം കോടതിയിൽ കേസ് കൊടുത്തിരുന്നോ ;

(ബി) എങ്കിൽ അതാരെന്നും വിധിയുടെ സാരമെന്തെന്നും വ്യക്തമാക്കാമോ ;

(സി) കോടതി വിധിയുടെ വെളിച്ചത്തിൽ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാരെ റഗുലറൈസ് ചെയ്യാൻ നടപടി

722 [1206] ശ്രീ. കെ പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ഹരിജൻ-ഗിരിജൻ വർഷത്തിൽ താല്ക്കാലികമായി ജോലിക്ക് നിയമിച്ച പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഇനിയും റഗുലറൈസ് ചെയ്യാത്തതിന്റെ കാരണമെന്ത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ വേണ്ട നടപടി ഉടനടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 7-3-1986-ലെ സ. ഉ. (പി) 18/86/പ്ലാനിംഗ് പ്രകാരം 2-8-1984-ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട ജീവനക്കാരെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരത്തോടുകൂടി സ്ഥിരപ്പെടുത്തേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൻപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി കോർപ്പറേഷൻ 14-5-1986-ൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) നടപടി കൈക്കൊണ്ടിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ

തിരുവനന്തപുരം ഓഫീസുവഴി നൽകിയ വാഹനങ്ങൾ

723 [1207] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസുവഴി തൊഴിൽരഹിതരായ ഹരിജനങ്ങൾക്ക് നൽകിയ വാഹനങ്ങൾ പലവിധമായ എൻജിൻ തകരാറു മൂലം ഓടിക്കാൻ നിവർത്തിയില്ലാതെ ഒതുക്കിയിട്ടിരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) വണ്ടി ഓടിക്കാൻ നിവർത്തിയില്ലാത്തതുമൂലം ബാങ്കിൽ പലിശയും പലിശയുടെ പലിശയും കൂടിക്കൂടി വരുന്നതിൽനിന്നും ഇവരെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തകരാറുള്ള എൻജിൻ ഫിറ്റു ചെയ്ത് നൽകിയ വണ്ടികളിലെ എൻജിനും മറ്റു പ്രധാന പാർട്ട്സുകളും മാറ്റി പുതിയത് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വണ്ടിയുടെ വില പൂർണ്ണമായി നിശ്ചയിച്ച് തുക മുഴുവനും ഒരുമിച്ച് വാങ്ങിയശേഷം ചിലർക്ക് വണ്ടി ഏപ്രിൽ മാസം കഴിഞ്ഞ് നൽകുകയും പുതിയ ഫിനാൻഷ്യൽ ഇയറിൽ വില കൂടി എന്നു പറഞ്ഞ് 1,400 രൂപ വീതം ഗുണഭോക്താവിൽനിന്നും വീണ്ടും വാങ്ങിയ നടപടി സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ ഇടപെട്ട് ഓട്ടോനിഷ് നന്നാക്കികൊടുത്തിട്ടുണ്ട്.

(സി) ബാങ്കിലേക്കുള്ള കുടിശ്ശിക അടയ്ക്കുന്നതിൽനിന്ന് ഇവരെ രക്ഷിക്കാൻ പ്രത്യേകമായൊന്നും ചെയ്യുവാൻ സാധിക്കുകയില്ല.

(ഡി) കേരളാ ഓട്ടോ മൊബൈൽസിന്റെ വാറൻറി പ്രകാരം അറകുറ പണികളും കേടായ ഭാഗങ്ങൾ മാറിവയ്ക്കലും സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly